Mathrubhumi

# ഓസോൺ ദിനാചരണം

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സിലെ എൻ.വി.എസ്. കേന്ദ്രം രാജ്യാന്തര ഓസോൺ ദിനം ആചരിച്ചു. കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈനായി ഫേസ്ബുക്ക് ലൈവിലൂടെയായിരുന്നു പരിപാടി. ഐ.എഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു.

ഓസോൺ പാളിയുടെ സംരക്ഷണം നമ്മൾ ഓരോരുത്തരുടെയും കടമയാണെന്ന് അദ്ദേഹം പറഞ്ഞു. 'ഓസോൺ ജീവൻ 35 വർഷത്തെ ഓസോൺ പാളി സംരക്ഷണം' എന്നവിഷയത്തിൽ വനജനിതകശാസ്ത്രജ്ഞൻ ഡോ. കണ്ണൻ വാര്യർ മുഖ്യപ്രഭാഷണം നടത്തി. ഓസോൺ സംരക്ഷണവുമായി ഒരാഴ്ചയായി നടന്നുവന്ന ഓൺലൈൻ ക്വിസ്സിൽ ആയിരത്തോളം പേർ പങ്കെടുത്തു.

ഓസോൺ ബോധവത്കരണ പരിപാടി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി പ്രകാശ് ജാവദേക്കറുടെ ശ്രദ്ധ നേടിയിരുന്നതായി കേന്ദ്രം അധികൃതർ അറിയിച്ചു.

News in Mathrubhumi, 17.09.2020, Observance of World Ozone Day by IFGTB ENVIS.